**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1401** **28-07-2021 - ൽ മറുപടിയ്ക്ക്**

**ബോട്ട് ഡ്രൈവർ തസ്തികയിലേക്കുള്ള നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ബോട്ട് ഡ്രൈവർ തസ്തികയിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട് ശ്രീ.അഭിലാഷ് സി, ചെറിയകത്ത്, പുതിയാപ്പ, പുതിയങ്ങാടി, കോഴിക്കോട് എന്നയാളുടെ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (ബി) | കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 18.01.2021-ലെ RIC(2)5262/18/GW നമ്പർ നിയമന ശിപാർശ പ്രകാരം ബോട്ട് ഡ്രൈവർ തസ്തികയിലേക്ക് ശിപാർശ ചെയ്യപ്പെട്ട ശ്രീ. അഭിലാഷ്.സി, ചെറിയകത്ത്, പുതിയപ്പ, പുതിയങ്ങാടി, കോഴിക്കോട് എന്ന ഉദ്യോഗാർത്ഥിക്ക് 16.02.2021 തീയതിയിലെ ഇ1-7271/18 നമ്പർ നിയമന ഉത്തരവ് വകുപ്പ് നല്കിയിരുന്നു. ടിയാൻ 26.02.2021-ൽ ജോലിയിൽ പ്രവേശിക്കുന്നതിനായി അപേക്ഷയും അനുബന്ധ രേഖകളുമായി സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ മുമ്പാകെ ഹാജരായിട്ടുള്ളതാണ്. നിലവിലുള്ള നിയമ പ്രകാരം വകുപ്പ് ബോട്ടുകളിൽ ജോലി ചെയ്യുന്നതിന് കേരള പോർട്ട് ഡിപ്പാർട്ടുമെന്റ് നല്കുന്ന കേരള ഇൻലാൻഡ് വെസൽ റൂൾ പ്രകാരമുള്ള ബോട്ട് ഡ്രൈവർ ലൈസൻസ് യോഗ്യതയാണ് ആവശ്യമായുള്ളത്. എന്നാൽ ശ്രീ. അഭിലാഷ്.സി കേരള ഇൻലാൻഡ് വെസൽ റൂൾ 2010 പ്രകാരമുള്ള ലൈസൻസ് ഹാജരാക്കിയിരുന്നില്ല. ഇക്കാരണത്താൽ ശ്രീ. അഭിലാഷ്.സി യെ നിലവിലെ നിയമപ്രകാരം വകുപ്പിലെ ബോട്ട് ഡ്രൈവർ തസ്തികയിൽ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് സാധ്യമല്ല. ഈ വിവരങ്ങൾ ജലഗതാഗത വകുപ്പ് ഡയറക്ടർ 24.06.2021 തീയതിയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനെയും, 22.07.2021 തീയതിയിൽ അപേക്ഷകനേയും അറിയിച്ചിട്ടുണ്ട്. ജോലിയിൽ പ്രവേശിപ്പിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. അഭിലാഷ് ഫയൽ ചെയ്ത ഒ.എ.നം.999/2021 നമ്പർ കേസിൽ |

| | | | |
|---|---|---|---|
| | | | 28.07.2021-ൽ അപേക്ഷകനെ ജോലിയിൽ പ്രവേശിപ്പിക്കണമെന്ന ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 23.07.2021 ലെ ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നിർദ്ദേശം സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |
| (സി) | പി.എസ്.സി നോട്ടിഫിക്കേഷന് ശേഷം നോട്ടിഫിക്കേഷനിൽ പറയാത്ത നിബന്ധനകൾ ഉൾപ്പെടുത്താമോയെന്നുള്ള വിശദവിവരം നല്കമോ? | (സി) | വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ